**കേരള സർക്കാർ**
**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

നം.84/2017/ധന

തിരുവനന്തപുരം,
തീയതി. 27/11/2017.

**<u>സർക്കുലർ</u>**

**വിഷയം :-** എം.എൽ. എ മാരുടെ പ്രത്യേക വികസനനിധി ഉപയോഗിച്ച് നടപ്പിലാകുന്ന പ്രവർത്തികൾ - ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ, ഇ-ടെണ്ടറിന്റെ പരിധി എന്നിവ സംബന്ധിച്ച സ്പഷ്ടീകരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന :-**
1) സ.ഉ (പി) നം. 247/2004/ധന തീയതി 27.05.2004.
2) സ.ഉ (പി) നം. 579/2015/ധന തീയതി 19.12.2015.
3) സ.ഉ (പി) നം. 4/2016/ധന തീയതി 13.01.2016.
4) സ.ഉ (പി) നം. 30/2016/ധന തീയതി 29.02.2016
5) സ.ഉ (പി) നം. 18/2017/ധന തീയതി 29.03.2017
6) തൃശ്ശൂർ ജില്ലാ കളക്ടർക്ക് 24.09.2012 ന് നൽകിയ 73799/എൻ സി ബി1/2012/ധന നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൂചന 2-ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ എം.പി/എം.എൽ.എ/വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട പതിനഞ്ച് ലക്ഷം രൂപവരെ എസ്റ്റിമേറ്റ് തുകയുള്ള മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ വ്യവസ്ഥകൾ ഒഴിവാക്കിയിരുന്നു. എന്നാൽ സൂചന 3-ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഒഴികെ സംസ്ഥാനത്തെ മറ്റ് വകുപ്പുകളിൽ 31.03.2016 നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിയ്ക്കായി നിശ്ചയിച്ചിട്ടുള്ള പരിധി നിലവിലുള്ള അഞ്ച് ലക്ഷം രൂപയിൽ നിന്നും പതിനഞ്ച് ലക്ഷം രൂപയായി ഉയർത്തിയിരുന്നു. സൂചന 6- ലെ കത്ത് പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ് അനുവദനീയമല്ല. എന്നാൽ സൂചന 4 -ലെ ഉത്തരവ് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടേഴ്സ്

പ്രോഫിറ്റ് ഉൾപ്പെടുത്താൻ പാടില്ലെന്നും എന്നാൽ എസ്റ്റിമേറ്റിന്റെ 7.5% വരെയുള്ള ഓവർ ഹെഡ് ചാർജ് അനുവദിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. കൂടാതെ സൂചന 5 പ്രകാരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് 15 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ സൂചന 2 ലെ ഉത്തരവ് ബാധകമാക്കുന്നതാണെന്നും ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിന്റെ 7.5% വരെയുള്ള ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്താവുന്നതാണെന്നും സ്പഷ്ടീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ എം.എൽ.എ എസ്.ഡി.എഫി-ൻ കീഴിൽ ചെയ്യുന്ന പ്രവർത്തികൾക്ക് കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ലാത്തതിനാലും ഇ ടെണ്ടർ (15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള പ്രവർത്തികൾക്ക്) മുഖേന ചെയ്യുന്ന പ്രവൃത്തികളിലും സാധാരണ ടെണ്ടർ (15 ലക്ഷത്തിന് താഴെ എസ്റ്റിമേറ്റുള്ള) പ്രവർത്തികളിലും കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ഗുണഭോക്തൃ സമിതികൾ മുഖേന കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് ഉൾപ്പെടുത്താതെ ചെയ്യാൻ കഴിയുന്ന പ്രവൃത്തികളുടെ ധനപരിധി സംബന്ധിച്ചും കളക്ടേറ്റുകളിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) എം.എൽ.എ എസ്.ഡി.എഫ്-ന്റെ കീഴിൽ ശുപാർശ ചെയ്യുന്ന 50,000/- രൂപ വരെയുള്ളപ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന ടെണ്ടറില്ലാതെ നടപ്പാക്കാവുന്നതാണ്. ആയതിനാൽ കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ല. എന്നാൽ 7.5% ഓവർ ഹെഡ് ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. 50,000/- രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർവിളിച്ച് നടപ്പിലാക്കുകയാണെങ്കിൽ കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് അനുവദിക്കാവുന്നതാണ്.

(ii) 50,000/- രൂപയ്ക്കു മുകളിൽ 5 ലക്ഷമോ അതിന് താഴെയോ ഉള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേനയോ സാധാരണ ടെണ്ടറിംഗിലൂടെയോ നടത്താവുന്നതാണ്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് മുകളിലെ ഇനം (i)-ലെ നിബന്ധനകൾ ബാധകമാകുന്നതാണ്. സാധാരണ ടെണ്ടറിലൂടെയാണ് പ്രവർത്തികൾ നടത്തുന്നതെങ്കിൽ പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ്,

7.5% ഓവർ ഹെഡ് ചാർജ് എന്നിവ ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.

(iii) 5 ലക്ഷത്തിന് മുകളിലുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കി നിലവിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി നിയമങ്ങളും ( കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർ ഹെഡ് ചാർജ്, സർവ്വീസ് ടാക്സ് എന്നിവ) പാലിച്ചുകൊണ്ട് ഇ ടെണ്ടർ ബാധകമാക്കിക്കൊണ്ട് നടപ്പിലാക്കാവുന്നതാണ്.

**ബിന്ദുറാണി. സി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:-**

എല്ലാ എം എൽ എ മാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
ട്രഷറി ഡയറക്ടർ,
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ